# ആഫ്രിക്കൻ ഒച്ച്: വിദഗ്ധർ പറഞ്ഞ മരുന്ന് കോർപറേഷൻ തളിക്കും

തൃശൂർ ● പൂങ്കുന്നം റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിൽ ആഫ്രിക്കൻ ഒച്ചു പെരുകിയതിനാൽ വിദഗ്ധർ പറഞ്ഞ മരുന്ന് ഉടൻ തളിച്ചു തുടങ്ങുമെന്നും ഇതിനു റസിഡന്റ്സ് അസോസിയേഷന്റെ സഹായം തേടുമെന്നും ആരോഗ്യ വിഭാഗം അറിയിച്ചു.

ഇന്നലെ കോർപറേഷൻ ഈ പ്രദേശങ്ങളിലെ കാടുകൾ തെളിക്കുന്ന ജോലി തുടങ്ങി. ഒച്ചുകളെ പിടികൂടി ദേഹത്ത് ഉപ്പുപൊടിയിട്ടു നശിപ്പിച്ചു.

പുകയില കഷായം മാത്രം മുൻപു തളിച്ചു നോക്കിയെങ്കിലും ഫലം കണ്ടില്ലെന്നു ഹെൽത്ത് ഇൻസ്പെക്ടർ പി.ആർ.പ്രസാദ് പറഞ്ഞു. മരുന്നുകടകളിൽ കിട്ടുന്ന സാധാരണ കീടനാശിനിയും ലാർവകളെ നശിപ്പിക്കാൻ കോർപറേഷൻ സാധാരണ സ്പ്രേ ചെയ്യാറുള്ള മരുന്നുകളും പ്രയോഗിച്ചെങ്കിലും ഫലവത്തായില്ല. കെഎഫ്ആർഐയിലെ വിദഗ്ധർ നിർദേശിച്ച തുരിശും പുകയില ക്ഷായവും ചേർത്തുള്ള മിശ്രിതം തളിക്കാനായി അടുത്തയാഴ്ച മുതൽ കോർപറേഷൻ സംഘമെത്തും. എല്ലാ വീടുകളിലും ഒരുമിച്ച് ചെയ്യണമെന്നതിനാൽ ഇതിനായി റസിഡന്റ്സ് അസോസിയേഷനുകളുടെ സഹായം തേടിയിട്ടുണ്ടെന്നു പി.ആർ.പ്രസാദ് വ്യക്തമാക്കി.15 അംഗ സംഘത്തെ നിയോഗിച്ചതായി ഡപ്യൂട്ടി മേയർ വർഗീസ് കണ്ടംകുളത്തി പറഞ്ഞു. അതിനിടെ കോട്ടപ്പുറം ഭാഗത്തും ഇവയെ കണ്ടെത്തിയതായി റിപ്പോർട്ടുണ്ട്.

## ‘വിളിച്ചുവരുത്തി’ കൊല്ലാം: കെഎയുവിലെ വിദഗ്ധർ

മണ്ണുത്തി ● ആഫ്രിക്കൻ ഒച്ചിനെ അവയുടെ സങ്കേതങ്ങളിൽ നിന്നിറക്കി കൊണ്ടുവന്നു കൊല്ലാനായി നനഞ്ഞ ചാക്കുകൾ ഉപയോഗിക്കാമെന്നു കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞർ.

ഇന്നലെ പൂങ്കുന്നത്തെ ഒച്ചു ഭീഷണിയുള്ള പ്രദേശം കാർഷിക ഹോർട്ടി കൾചറൽ കോളജിലെ കീടശാസ്ത്ര വിഭാഗം ശാസ്ത്രജ്ഞൻ ഡോ. മധു സുബ്രഹ്മണ്യനും സംഘവും സന്ദർശിച്ചു.

നനഞ്ഞ ചാക്കുകൾ വിരിച്ചിട്ടാൽ ഈർപ്പം തേടി ഒച്ചുകൾ എത്തുമെന്നും ചാക്കിനടിയിലെത്തുന്ന ഇവയുടെ മേൽ തുരിശും കുമ്മായവും തളിച്ചു കൊല്ലാമെന്നും ഇവർ വ്യക്തമാക്കി. വീട്ടുവളപ്പുകളിൽ അങ്ങിങ്ങായി വൈകുന്നേരം ചാക്കുകൾ വിരിക്കുകയും രാവിലെ ഇവയെ നശിപ്പിക്കുകയും വേണം. ഇതു പലയിടത്തായി തുടരണമെന്നും ഇവർ പറഞ്ഞു.